




*Do you carry a plan for social Change?*
*How far would you go to make a difference?*

കാന്താരി: "സാമൂഹ്യ പരിവർത്തനത്തിനുള്ള നേതൃത്വ" പരിശീലന കേന്ദ്രം

തിരുവനന്തപുരത്ത് വെള്ളായണി കായലിന്റെ കരയിലുള്ള കാന്താരി പ്രോഗ്രാം സെന്ററിൽ 7 മാസം ദൈർഘ്യമുള്ള ഒരു നേതൃത്വ പരിശീലന കളരി നടക്കുന്നു. നൈതികതയിലൂന്നിയ സാമൂഹിക പരിവർത്തനം ലക്ഷ്യമാക്കി പ്രവർത്തിക്കുവാനുള്ള നേതൃത്വ പരിശീലനമാണിത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ഈ പരിശീലനക്കളരിയിൽ പങ്കെടുക്കുന്നു. വിദഗ്ദ്ധരായ പരിശീലകരുടെ ഒരു സംഘം ഇതിൽ പ്രവർത്തിക്കുന്നു.

പഠിതാക്കളായി എത്തുന്നവർ ബിരുദധാരികളോ ഔപചാരിക വിദ്യാഭ്യാസമില്ലത്തവരോ ആയിരിക്കാം. കുറച്ചുപേർ അന്ധരും ശാരീരിക വെല്ലുവിളികൾ നേരിടുന്നവരും ആണ്. ജീവിത സാഹചര്യങ്ങളുടെ ഇരകളാവാതെ നന്മയുടെ വക്താക്കളായി സൃഷ്ടിപരതയും സർഗ്ഗാത്മകതയും ആവേശവും കൈമുതലാക്കി ലോകത്തെ മികച്ച സംഘാടകരാകുവാൻ ഇവർക്കു പരിശീലനം നല്കപ്പെടുന്നു. National Accreditation Board for Education and Training (NABET) –ന്റെ ഔദ്യോഗിക അംഗീകാരം കാന്താരിയ്ക്ക് ലഭിച്ചിട്ടുണ്ട്. "സാമൂഹ്യ പരിവർത്തനത്തിനുള്ള നേതൃത്വ" പരിശീലന കേന്ദ്രം എന്ന നിലയിലാണ് ഈ അംഗീകാരം.

'കാന്താരി' യുടെ ഔഷധ-രുചി ഗുണങ്ങൾ കേരള സമൂഹത്തിന് ഏറ്റവും പരിചിതമാണ്. വിനാശകരമായ സാമൂഹ്യ യാഥാർഥ്യങ്ങളുടെ മുൻപിൽ വെല്ലുവിളിയായി നിൽക്കാനുള്ള ഉൾക്കരുത്തും ക്രിയാത്മക മാറ്റത്തിനുള്ള പുത്തൻ ആശയങ്ങളും പ്രതിബദ്ധതയുമുള്ള നേതൃത്വത്തെ 'കാന്താരി' പ്രതീകവൽക്കരിക്കുന്നു.

ലോകചരിത്രം പരിശോധിക്കുമ്പോൾ സ്ഥായിയായ മാറ്റം വ്യക്തിയുടെ ഉള്ളിൽ നിന്നുമുണ്ടാകുന്ന ഒന്നാണെന്നു കാണാവുന്നതാണ്. ഒന്നുകിൽ കീഴടങ്ങുക അല്ലെങ്കിൽ നേർക്കുനേർ നിന്നു പോരാടുക എന്നതിൽ നിന്നു ഒന്ന് തിരഞ്ഞെടുക്കുവാൻ നിർബന്ധിതരായ ജനങ്ങൾക്കാണത് സാധിച്ചിട്ടുള്ളത്. കാന്താരി നേതൃത്വ പരിശീലനം സാമൂഹിക തിന്മകളിൽ നിന്ന് മോചിതരാകാനുള്ള അഭിലാഷവും നിശ്ചയവും അതിനുള്ള പദ്ധതിയുമുള്ളവരെ ഉദ്ദേശിച്ചുള്ളതാണ്.

കഴിഞ്ഞ 7 വർഷങ്ങളായി 38 രാജ്യങ്ങളിൽ നിന്നുമുള്ള 141 പേർ ഇവിടെ പരിശീലനം നേടി. ആയിരക്കണക്കിനു ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന വിധം നൂറിലധികം പദ്ധതികളും നവ്യമായ പ്രവർത്തനങ്ങളും ഇതിലൂടെ നടക്കുന്നു.

അടുത്ത വർഷത്തെ 'കാന്താരി കോഴ്സ്' 2017 മെയ് മാസം തുടങ്ങും. നിങ്ങൾക്ക് 22 വയസ്സും, സാമാന്യം ഇംഗ്ലീഷ് പരിജ്ഞാനവും, അടിസ്ഥാന കമ്പ്യൂട്ടർ പരിചയവും, ഒരു സാമൂഹ്യ പരിവർത്തന പദ്ധതി ഏറ്റെടുക്കുവാൻ ഉദ്ദേശ്യവും ഉണ്ടെങ്കിൽ ഈ കോഴ്സിനു അപേക്ഷ നൽകാവുന്നതാണ്.





Facebook: kantharis     Twitter: kantharis     youtube.com/user/kanthariTV